## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1649** **08-12-2022 - ൽ മറുപടിയ്ക്ക്**

## കായിക്കര എൽ.പി.എസ്. കെട്ടിട നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | അഞ്ചുതെങ്ങ് പഞ്ചായത്തിലെ ഗവൺമെന്റ് കായിക്കര എൽ.പി.എസ്. സ്ഥിതി ചെയ്യുന്ന ഭൂമിയുടെ വിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ; | (എ) | അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിലെ കായിക്കര ആശാൻ സ്മാരക ഗവൺമെന്റ് എൽ.പി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി അതിർത്തി നിർണ്ണയിച്ച് സർവ്വെ സ്കെച്ച് അനുവദിക്കണമെന്നാവശ്യപ്പെട്ട് അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സമർപ്പിച്ച അപേക്ഷയും ആറ്റിങ്ങൽ പൊതുമരാമത്ത് കെട്ടിട ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കത്തും ചിറയിൻകീഴ് താലൂക്ക് ഓഫീസിൽ ലഭിച്ചിട്ടുള്ളതും ആയത് അളവ് നടപടിയ്ക്കായി 19.10.2022 - ൽ സർവ്വെയർക്ക് കൈമാറിയിട്ടുള്ളതുമാണ്. എന്നാൽ ഭൂമി സംബന്ധിച്ച് ആശാൻ സ്മാരക സ്കൂളിന് അവകാശരേഖകൾ ഇല്ലാത്തതിനാൽ ആയത് ആവശ്യപ്പെട്ടുകൊണ്ട് സ്കൂൾ അധികൃതർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്ഥലത്തിന് ചുറ്റാകെ ആശാൻ സ്മാരക ട്രസ്റ്റിന്റെ കൈവശ ഭൂമിയാണ്. അഞ്ചുതെങ്ങ് വില്ലേജിൽ റീസർവ്വെ കഴിഞ്ഞിട്ടില്ലാത്തതിനാൽ ആശാൻ സ്മാരക ട്രസ്റ്റിന്റെ അവകാശരേഖകൾ പരിശോധിച്ച് സ്കൂളിന്റെ അതിർത്തി നിർണ്ണയിക്കുന്നതിന് റീസർവ്വെ 123 ന്റെ Not final sketch, ലാൻഡ് രജിസ്റ്റർ കോപ്പി, മുൻസർവ്വെ 3192 ന്റെ എൽ.എ സ്കെച്ച് എന്നിവ സർവ്വെ വകുപ്പിൽ നിന്നും അടിയന്തിരമായി ലഭ്യമാക്കി സർവ്വെ നടപടികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | നിലവിലുള്ള വസ്തുവിന്റെ വിസ്തീർണ്ണം നിർണ്ണയിച്ച് നൽകാത്തതു കാരണം പുതിയ കെട്ടിടം നിർമ്മിക്കാൻ അനുവദിച്ച ഒരു കോടി രൂപ ചെലവഴിക്കാനാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ